ഹദീസ്

ഹാദി

# പരിപൂർണ്ണതയുടെ സൗന്ദര്യം

عَنْ عَائِشَةَ رَضِيَ اللهُ تَعَالَى عَنْهَا قَالَتْ : قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وسَلَّمَ: إِنَّ اللهَ يُحِبُّ
إِذَا عَمِلَ أَحَدُكُمْ عَمَلاً أَنْ يُتْقِنَهُ ( الالباني السلسلة الصحيحة- 1113)

**ആഇശ (റ) നിവേദനം ചെയ്യുന്നു; നബി (സ) പറഞ്ഞു: 'നിങ്ങളുടെ പ്രവർത്തനങ്ങൾ പരിപൂർണതയിൽ ആയിരിക്കണമെന്നാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്.' ***

ഒരു സ്വഹാബിയുടെ മയ്യിത്ത് ഖബറടക്കുന്ന സന്ദർഭം. നബിയും അവിടെ സന്നിഹിതനായിട്ടുണ്ട്. അതിന് സാക്ഷിയായ ആസ്വിം ബിൻ കുലൈബ് തന്റെ അനുഭവം വിവരിക്കുന്നു: ''എന്റെ പിതാവിനോടൊപ്പമാണ് ഞാൻ ഖബറടക്കത്തിൽ പങ്കെടുത്തത്. ചിന്തിക്കാനും കാര്യങ്ങൾ മനസ്സിലാക്കാനും കഴിയുന്ന കുട്ടിയായിരുന്നു ഞാൻ. മയ്യിത്ത് ഖബ്റിലേക്ക് ഇറക്കി വെക്കുന്നു. പക്ഷേ, അതിന് കഴിയുന്നുണ്ടായിരുന്നില്ല. ഇതു കണ്ട നബി, 'ഖബ്റിന്റെ വശങ്ങൾ ശരിപ്പെടുത്തൂ' എന്ന് നിർദേശിച്ചു. പലരും അത് സുന്നത്താണെന്ന് ധരിച്ചു. അവരോട് നബി (സ) ഇങ്ങനെ വിശദീകരിച്ചു: 'ഖബ്റിന്റെ വശങ്ങൾ ശരിപ്പെടുത്തിയത് കൊണ്ട് മയ്യിത്തിന് പ്രയോജനമൊന്നുമില്ല, ഇല്ലെങ്കിൽ പ്രയാസവുമില്ല. പക്ഷേ, ഒരു പ്രവൃത്തി തികവോടെ പൂർത്തിയാക്കുന്നതാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്.''

കർമങ്ങളുടെ പൂർണതയെക്കുറിച്ച്, എത്രമേൽ ലളിതവും മനോഹരവുമായാണ് നബി അനുചരന്മാരെ പഠിപ്പിക്കുന്നത്! ഖബറടക്കപ്പെടുന്ന മയ്യിത്തുമായല്ല, ജീവിച്ചിരിക്കുന്ന സത്യവിശ്വാസിയുമായാണ് ആ പ്രവൃത്തിക്ക് ബന്ധമെന്ന് നബി ഉണർത്തുകയാണ്. പ്രവൃത്തികൾ കൃത്യവും പൂർണവും സൂക്ഷ്മവുമായി നിർവഹിക്കുകയെന്നത് മുസ്‌ലിമിന്റെ മഹിമയും മുദ്രയുമാണ്. തികവിലാണ് മികവ്. മുസ്‌ലിം തികവിൽ മത്സരിക്കുമ്പോഴാണ് മികവിൽ മുമ്പനാകുന്നത്. നിർബന്ധ ബാധ്യതകളും സന്നദ്ധ സേവനങ്ങളും ഉൾപ്പെടെ മുസ്‌ലിമിന്റെ ഏതു പ്രവൃത്തിയും പൂർണ്ണത കൊണ്ട് ഉൽകൃഷ്ടമായിരിക്കണം. ഏൽപ്പിക്കപ്പെടുന്നതും ഏറ്റെടുക്കുന്നതുമായ എല്ലാ ചെറിയ, വലിയ കാര്യങ്ങളും ഭംഗിയായും വൃത്തിയായും സമയനിഷ്ടയോടെ ചെയ്തു തീർക്കുന്നതിൽ സത്യവിശ്വാസി ശ്രദ്ധാലുവായിരിക്കണം. ആരാധനകളിൽ മാത്രമല്ല, പ്രതിഫലം പറ്റുന്ന തൊഴിലിലും, പ്രതിഫലം വാങ്ങാത്ത സേവനങ്ങളിലും ഇത് അനിവാര്യമാണ്.

'അല്ലാഹുവിന്റെ സ്നേഹത്തിന് കാരണമാകുന്ന സദ്ഗുണമാണ് ഇത്ഖാൻ' എന്നാണ് നബി പഠിപ്പിക്കുന്നത്. സത്യവിശ്വാസിയുടെ ജീവിതാഭിലാഷമാണ് അല്ലാഹുവിന്റെ സ്നേഹം. അതിനുള്ള ഒരു വഴിയും നിസ്സാരമായി കാണാവതല്ല. പ്രപഞ്ചാധിപനായ അല്ലാഹുവിന്റെ ഇഷ്ടമാണ് ഇത്ഖാൻ വഴി ലഭിക്കുതെന്ന് പറയുമ്പോൾ, എത്ര ഉയർന്ന തലമാണ് ഇത്ഖാൻ എന്ന് മനസ്സിലാക്കാം. ഭദ്രത, നിപുണത, പൂർണത എന്നൊക്കെയാണ് ഇത്ഖാന്റെ ഭാഷാർഥം. ഒരു കാര്യം ഭംഗിയിലും കൃത്യതയിലും സമയനിഷ്ഠയിലും പൂർത്തീകരിക്കലാണ് സാങ്കേതികമായി ഇത്ഖാൻ. ഇതേ ആശയം കൂടി ഉൾക്കൊള്ളുന്ന മറ്റൊരു ഇസ്‌ലാമിക പ്രയോഗമാണ് ഇഹ്സാൻ.

മഹാറത്ത് (നൈപുണി), ദിഖ്ഖത്ത് (സൂക്ഷ്മത) തുടങ്ങിയ പദങ്ങളും സമാന ആശയത്തെക്കുറിക്കാൻ ഹദീസിൽ വന്നിട്ടുണ്ട്. നന്മയും പൂർണതയും ഒത്തുചേർന്ന തികവോടെ (ഇഹ്സാൻ) പ്രവർത്തിക്കണമെന്നും അത്തരക്കാരെയാണ് അല്ലാഹു ഇഷ്ടപ്പെടുകയെന്നും ഖുർആൻ പറയുന്നു (*അൽബഖറ* - 195). അല്ലാഹു എല്ലാറ്റിലും ഇഹ്സാൻ നിയമമാക്കിയിരിക്കുന്നുവെന്നു നബി(സ) പഠിപ്പിച്ചിട്ടുണ്ട് (മുസ്‌ലിം നിവേദനം ചെയ്തത്, 5167). വീട്ടിലും വിദ്യാലയത്തിലും ഓഫീസിലും അങ്ങാടിയിലും പാടത്തും പറമ്പിലും കമ്പനിയിലും നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും അതിന്റേതായ ഭംഗിയും പൂർണതയും ഉണ്ടായിരിക്കണം(ജാമിഉൽ ഉലൂമി വൽ ഹികം 1/15 2).

പരലോക പ്രധാനമായ ആരാധനകളിലും ഐഹികമായ കാര്യങ്ങളിലും പൂർണ്ണതയും ഭംഗിയും ഉറപ്പുവരുത്തണം. വുദുവും നമസ്കാരവും മറ്റു ആരാധനകളും അതിന്റെ എല്ലാ നിയമങ്ങളും പാലിച്ചും ആത്മാവ് ഉൾക്കൊണ്ടും നിർവഹിക്കണം. അപ്പോഴാണ് അവയിൽ ഇഹ്സാനും ഇത്ഖാനും ഉണ്ടാവുക. കൈമുട്ടും കാൽപാദങ്ങളും അപൂർണ്ണമായി കഴുകി, വേണ്ടത്ര ശ്രദ്ധയില്ലാതെ എങ്ങിനെയെങ്കിലും വുദു എടുക്കുക, വേണ്ടത്ര അടക്കവും ഒതുക്കവും ഇല്ലാതെ, ചൊല്ലേണ്ടതെല്ലാം ചൊല്ലാതെ എങ്ങിനെയെങ്കിലും

നമസ്കരിച്ചു തീർക്കുക തുടങ്ങിയ രീതികൾ അപൂർണവും അഭംഗിയുമാണ്. 'ഭംഗിയായി വുദൂ ചെയ്യുക' (മുസ്‌ലിം: 601), 'നന്നായി കുളിക്കുക' (അഹ്മദ്: 21609), 'തികവോടെ കഫൻ ചെയ്യുക' (മുസ്‌ലിം 2228), 'ഖുർആനിൽ നിപുണനാവുക' (മുസ്‌ലിം: 1898) എന്നൊക്കെ ഉദ്ബോധിപ്പിച്ചതായി കാണാം. എല്ലായിടത്തും 'ഏറ്റവും നന്നായി ചെയ്തു' എന്ന് അർഥമുള്ള അഹ്സന എന്ന പദമാണ് നബി(സ) പ്രയോഗിച്ചത്. മസ്ജിദുന്നബവിയുടെ നിർമാണ വേളയിൽ ഒരാൾ മണ്ണ് കുഴച്ച് തേച്ചത് വൃത്തിയിലും ഭംഗിയിലും ആകാതിരുന്നപ്പോൾ, നബി (സ) മണ്ണ് തേപ്പ് ശരിയായി ചെയ്യാനറിയുന്നയാളെ വിളിച്ചു വരുത്തി അതേൽപ്പിച്ചതും അതിൽ ശ്രദ്ധയൂന്നാൻ ആവശ്യപ്പെട്ടതും ഹദീസിൽ കാണാം (അഹ്മദ്: 24009, ഫത്ഹുൽ ബാരി: 1/543). അഹ്സാബ് യുദ്ധത്തിൽ കിടങ്ങ് കുഴിക്കുന്നത് ശരിയായ വിധത്തിലാകാൻ നബി ശ്രദ്ധിച്ചിരുന്നു. സൈദ് ബ്നു സാബിതിനെ ഭാഷകളിൽ മികവ് നേടാൻ നബി നിരന്തരം പ്രോത്സാഹിപ്പിച്ചു. നിർമാണ പ്രവർത്തനങ്ങളിലെ സൂക്ഷ്മതയും പൂർണ്ണതയും ഇസ്‌ലാമികമായ ബാധ്യതയാണെന്ന് ചരിത്രപാഠങ്ങൾ ഉദ്ധരിച്ചു കൊണ്ട് ഇബ്നു കഥീർ വിശദീകരിച്ചിട്ടുണ്ട് (അൽ കഹ്ഫ്, 94,95 ആയത്തുകളുടെ വ്യാഖ്യാനം).

വുദു, നമസ്കാരം തുടങ്ങിയ ആരാധനകളിൽ മാത്രമല്ല, കൃഷിയും കല്പണിയും വൈദ്യവും വിദ്യാഭ്യാസവും തുടങ്ങി അറവും കിടങ്ങ് കുഴിക്കലും ഉൾപ്പെടെ എല്ലാവിധ ജോലിയിലും പൂർണ്ണതയും തികവും ഉറപ്പുവരുത്തുന്നതാണ് മുസ്‌ലിമിന്റെ സംസ്കാരം എന്നർഥം. എങ്കിൽ പിന്നെ തൊഴിൽപരമോ, സേവന സ്വഭാവമുള്ളതോ ആയ ഏത് പ്രവർത്തനമാണ് എങ്ങിനെയെങ്കിലും ചെയ്തു തീർക്കാൻ ഒരു മുസ്‌ലിമിന് സാധിക്കുക! വൈദഗ്ധ്യം നേടിയ, ഉത്തരവാദിത്തത്തോടെ ചികിത്സിക്കുന്ന ഡോക്ടറെ നബി (സ) പ്രശംസിച്ചിട്ടുണ്ട് (തിർമിദി: 4588, നസാഈ: 4830, മുഗ്നി 6/133).

കർമങ്ങൾക്ക് പൂർണത കൈവരാൻ പല തത്വങ്ങളും പാലിക്കേണ്ടതുണ്ട്. ആത്മാർഥതയാണ് അതിലൊന്ന്. തനിക്കു വേണ്ടിയുള്ള പ്രാർഥനകളെന്നപോലെ, മറ്റുള്ളവർക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളും ആത്മാർഥതയോടെ ചെയ്യണം. രണ്ട്, ശരിയായി ആസൂത്രണം ചെയ്ത് നല്ല ചിട്ടയോടെ പ്രവർത്തിക്കണം. മൂന്ന്, മറ്റുള്ളവരുടെ അനുഭവ പരിജ്ഞാനത്തിൽ നിന്ന് പാഠമുൾക്കൊള്ളണം. നാല്, പൂർണമായ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് മാത്രമേ ഒരു കാര്യം ചെയ്യാവൂ. ഒന്നിലേറെ കാര്യങ്ങൾ ഒരേ സമയം ചെയ്യാൻ ശ്രമിച്ചാൽ അബദ്ധങ്ങളും അപൂർണ്ണതയും ഉറപ്പാണ്. അഞ്ച്, പ്രവർത്തനങ്ങളിൽ അവധാനത നിർബന്ധമാണ്. അപ്പോൾ, ചെയ്യുന്ന കാര്യങ്ങളുടെ എണ്ണം കുറയുമെങ്കിലും, പൂർണ്ണത കൈവരിക്കാനാവും.

'എങ്ങിനെയെങ്കിലും ചെയ്തു തീർക്കുക' എന്നതാണ് ജോലിയിൽ, സേവനത്തിൽ ചിലരുടെ നിലപാട്. അപൂർണതകളും ഏറ്റക്കുറച്ചിലുകളും ഇത്തരം പ്രവർത്തികളുടെ നിറംകെടുത്തും. ചെയ്തു തീർക്കലല്ല, പൂർത്തിയാക്കലാണ്. 'തീർക്കലിൽ' പലതും നഷ്ടപ്പെട്ടു പോകുന്നു, പൂർത്തിയാക്കലിൽ 'പൂർണത' കൈവരുന്നു. ഈ ഭാഷാ പ്രയോഗങ്ങളിലെ അന്തരം ആശയ പ്രധാനമാണ്. പൂർണതയുണ്ടാകുമ്പോഴാണ് ഒരു കർമത്തിൽ, കർത്താവിനും ഗുണഭോക്താക്കൾക്കും സംതൃപ്തി കൈവരിക. തൊഴിൽ ദാതാവിന് തൃപ്തി വരും വിധം സമ്പൂർണതയുണ്ടാക്കാൻ തൊഴിലാളി ശ്രദ്ധിക്കണം. വയറ് നിറയുന്നതോടൊപ്പം, മനസ്സ് നിറയുന്ന വിധം ഭക്ഷണം പാകം ചെയ്യുകയും വിളമ്പുകയും ചെയ്യുന്നത് ആഹാരത്തിലെ പൂർണ്ണത. 'നൂറ് ഒട്ടകങ്ങളുണ്ട്. പക്ഷേ, യാത്രക്ക് പറ്റിയത് ഒന്നുമില്ല. ഇതു പോലെ ചില മനുഷ്യരെയും കാണാം' എന്ന് നബി പറഞ്ഞിട്ടുണ്ട് (ബുഖാരി - 6498, മുസ്‌ലിം 6663).

ഒരു പാട് കാര്യങ്ങൾ ഏറ്റെടുത്ത് ചെയ്യാൻ ശ്രമിക്കുന്നവരുണ്ട്. അവർ ഒത്തിരി ചെയ്തു തീർക്കുന്നുണ്ടാകും. ഒന്നും പക്ഷേ, പൂർണമോ, മികച്ചതോ, പുതുമയുള്ളതോ ആകില്ല. 'എത്രയോ കാര്യങ്ങൾ ചെയ്യേണ്ടി വരുന്നതു കൊണ്ടാണ്' എന്ന ന്യായവും. ഇത് നല്ല മുസ്‌ലിമിന്റെ സ്വഭാവമാകാൻ പാടില്ല. വുഹൈബ് ബിൻ വർദ് പറഞ്ഞു: ''ഒരു പാട് കാര്യങ്ങൾ ചെയ്തു കൂട്ടാനല്ല ഒരാൾ ശ്രമിക്കേണ്ടത്, ചെയ്യുന്ന കാര്യങ്ങൾ ഭദ്രമായും ഭംഗിയായും പൂർത്തീകരിക്കാനാണ്'' (*ഹിൽയത്തുൽ ഔലിയാഅ് വ ത്വബഖാത്തുൽ അസ്ഫിയാഅ്*).

മുസ്‌ലിം സമൂഹത്തിന്റെ സാംസ്കാരിക അടയാളമാണ് പ്രവർത്തനങ്ങളുടെ പൂർണ്ണത. മികവും തികവുമൊത്ത കർമ്മങ്ങളിലൂടെയാണ് മുസ്‌ലിംകൾ ലോക നായകരായത്. പക്ഷേ, ഈ മഹദ്ഗുണം വഴിയിലെവിടെയോ ചോർന്നു പോയി. മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥയിലും നിലവാരത്തകർച്ചയിലുമെല്ലാം ഈ നഷ്ടത്തിന് വലിയൊരു പങ്കുണ്ട്. ലോകമെങ്ങും മുസ്‌ലിം ജീവിതം നോക്കൂ, വിശേഷിച്ചും മുസ്‌ലിം സ്ഥാപനങ്ങൾ പരിശോധിക്കൂ, അവ്യവസ്ഥയും ഉദാസീനതയും കുത്തഴിച്ചിലുമൊക്കെയാണ് മുഴച്ച് നിൽക്കുന്നത്. മിക്ക മുസ്‌ലിം സ്ഥാപനങ്ങളുടെയും കെട്ടിട നിർമ്മാണം മുതൽ ദൈനംദിന നടത്തിപ്പ് വരെ അപൂർണ്ണതകൾ കൊണ്ട് അലങ്കരിച്ചിരിക്കുകയാണ്. ഇത്ഖാനും ഇഹ്സാനും ഉൾക്കൊണ്ട് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയാൽ ഇതിലെല്ലാം ഗുണാത്മകമായ മാറ്റം കൈവരിക്കാം.

* (ഇമാം സുയൂത്വി അൽജാമിഉ സ്വഗീറിൽ ഹസൻ - നല്ലത് - ആയും നാസ്വിറുദ്ദീൻ അൽബാനി അസ്സിൽ സിലത്തുസ്വഹീഹയിൽ സ്വഹീഹ് - പ്രബലം - ആയും ഈ നബി വചനം ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ, ഇമാം ബുസ്വൂരി - ഇത്ഹാഫുൽ ഖീറതിൽ മുഹ്റ 3/382, ഇമാം ത്വബ്റാനി - അൽ മുഅജമുൽ ഔസത്വ് 1/275 എന്നിവർ ഉദ്ധരിച്ച ഇതേ പാഠത്തിന്റെ നിവേദക പരമ്പര -സനദ് - ദുർബലമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, ഒന്നിലേറെ നിവേദകരുടെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് നാസിറുദ്ദീൻ അൽബാനി ഇത് ഹസൻ ആണെന്ന് -സ്വഹീഹുൽ ജാമിഅ, 1880- രേഖപ്പെടുത്തിയത്).

●